"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - സ്വാശ്രയ നേഴ്സിംഗ് സ്കൂളുകൾ - സീറ്റ് വർദ്ധനവിനുള്ള നിരാക്ഷേപ പത്രം - കോഴിക്കോട് ശ്രീ ആഞ്ജനേയ നേഴ്സിംഗ് സ്കൂൾ - ജി.എൻ.എം നേഴ്സിംഗ് കോഴ്സ് സീറ്റ് വർദ്ധനവിന് നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.152/2024/H&FWD തീയതി,തിരുവനന്തപുരം, 12-07-2024

പരാമർശം:- 1. സ.ഉ.(അ) നം.64/2012/ആ.കു.വ തീയതി 17.02.2012.

2. ശ്രീ ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റ് ചെയർമാൻ സമർപ്പിച്ച 05.01.2024 തീയതിയിലെ അപേക്ഷ.

3. കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 18.03.2024 തീയതിയിലെ ജി1.56194/2023/എൻ.സി നമ്പർ പരിശോധന റിപ്പോർട്ട്.

ഉത്തരവ്

കോഴിക്കോട് ജില്ലയിൽ ശ്രീ ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിനു കീഴിൽ മലബാർ മെഡിക്കൽ കോളേജ് മാതൃ ആശുപത്രിയായി പ്രവർത്തിക്കുന്ന ശ്രീ ആഞ്ജനേയ സ്കൂൾ ഓഫ് നേഴ്സിംഗിൽ ജി.എൻ.എം സീറ്റ് വർദ്ധനവിനായി ശ്രീ ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റ് ചെയർമാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (1) സർക്കാർ ഉത്തരവിലെയും, ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ മാനദണ്ഡങ്ങൾ പ്രകാരവുമുള്ള സൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണോ എന്നത് സംബന്ധിച്ച് കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ നടത്തിയ സാധ്യത പഠന റിപ്പോർട്ടിൽ ജി.എൻ.എം കോഴ്സ് സീറ്റുകൾ 40 ൽ നിന്നും 60 ആയി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഭൗതിക/ക്ലിനിക്കൽ സൗകര്യങ്ങൾ പര്യാപ്തമാണെന്നു റിപ്പോർട്ട് ചെയ്തിരുന്നു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ ആഞ്ജനേയ സ്കൂൾ ഓഫ് നേഴ്സിംഗ്, മലബാർ മെഡിക്കൽ കോളേജ് കാംപസ്, ഉള്ളിയേരി പി.ഒ, അത്തോളി, കോഴിക്കോട് എന്ന സ്ഥാപനത്തിൽ ജി.എൻ.എം നേഴ്സിംഗ് സീറ്റുകൾ 40 ൽ നിന്നും 60 ആയി വർദ്ധിപ്പിക്കുന്നതിന് ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ജി.എൻ.എം കരിക്കുലം, നേഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/ റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

സി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate) എന്നിവ നേടിയതിന് ശേഷം മാത്രം വർദ്ധനവ് അനുവദിച്ച സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ചെയർമാൻ, ശ്രീ ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റ് കോഴിക്കോട് - 673 323.

സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാംം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.

രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

സെക്ഷൻ ഓഫീസർ

Date: 15-07-2024 11:01:48

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.